(ബി) ഇതിന്റെ ആനുകൂല്യം എത്ര സീനിയർ സിറ്റിസൺസിന് ലഭിക്കുന്നുണ്ട് ;

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് സീനിയർ സിറ്റിസൺസിന് നൽകി വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 40436 പേർക്ക് ഇപ്പോൾ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി വീതം സൗജന്യമായി നൽകി വരുന്നു.

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന

39 (4078) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അരി, പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വില ഗണ്യമായ തോതിൽ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിലക്കയറ്റം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് അരി, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ വിലയിൽ ലോറിസമരം പോലുള്ള ചില സാഹചര്യങ്ങളിൽ നേരിയ ഏറ്റക്കുറച്ചിലുണ്ടാകുന്നതൊഴിച്ചാൽ ഗണ്യമായ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിപണിയിലെ വിലക്കയറ്റം ഫലപ്രദമായി തടയുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 830 മാവേലി സ്റ്റോറുകൾ, 88 സപ്ലൈകോ ലാഭം മാർക്കറ്റുകൾ, 21 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നിവ വഴി സർക്കാർ നിശ്ചയിക്കുന്ന സബ്സിഡൈസ്ഡ് വിലയ്ക്ക് സാധനങ്ങൾ വിറ്റു വരുന്നുണ്ട്. കൂടാതെ ഓണം, ക്രിസ്തുമസ്, റംസാൻ മുതലായ ഉത്സവ വേളകളിൽ സംസ്ഥാനത്തൊട്ടാകെ ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കുകയും ലോറിസമരം പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറികൾ വാങ്ങി ന്യായവിലയ്ക്ക് വിൽപ്പന നടത്തുകയും ചെയ്യാറുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വിലവിവരം

40 (4079) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിത്യോപയോഗ സാധനങ്ങളുടെ ഓരോന്നിന്റെയും വില എന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly